**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1639** **08-12-2022 - ൽ മറുപടിയ്ക്ക്**

**കോന്നി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച ചിറ്റൂർ കടവ്, മാത്തൂർ തൂപ്പാറ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | 19.11.2015-ലെ സർക്കാർ ഉത്തരവ് സ.ഉ (ആർ.റ്റി) നം. 6032/15/ആർ..ഡി നമ്പർ പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കേരളത്തിലെ വിവിധ ജില്ലകളിലെ 9 പാലങ്ങൾ നിർമ്മിക്കുന്നതിന് 32 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി നടത്തിപ്പിലേയ്ക്ക് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിരുന്നു.<br><br>ടി പാലങ്ങളുടെ നിർമ്മാണത്തിനായുള്ള കരാർ ഏറ്റെടുത്തിരുന്നത് M/s SERMS Infrastructure Pvt Ltd, തിരുവനന്തപുരമായിരുന്നു. കൂടാതെ ടി പദ്ധതിയുടെ ടെക്നിക്കൽ സപ്പോർട്ടിനു വേണ്ടി Integral Solutions, Kochi-യെ നിയമിക്കുകയും ചെയ്തു. 9 പാലങ്ങളിൽ പത്തനംതിട്ട ജില്ലയിലെ തൂപ്പാറ , മാത്തൂർ , ചിറ്റൂർക്കടവ് , കോട്ടയം ജില്ലയിലെ ആറുമാനൂർ , ചവിട്ടുവേലിക്കടവ് എന്നീ 5 പാലങ്ങളുടെ നിർമ്മാണമാണ് ആരംഭിച്ചിരുന്നത്.<br><br>Rate Revision , പ്രവൃത്തിയുടെ പരിധി കുറച്ചതു മൂലം ഡെക്ക് സ്ലാബിന്റെ ഡിസൈൻ ചേഞ്ച്, പുതിയ പെർഫോർമൻസ് ഗ്യാരന്റി നൽകുന്നതിനുള്ള അനുവാദം എന്നിവയിൽ തീരുമാനം എടുക്കണമെന്നും എഗ്രിമെന്റിൽ പറയും പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ്, പാർട്ട് ബിൽ എന്നിവ ലഭിച്ചില്ലെന്നും ആരോപണം ഉന്നയിച്ച കൊണ്ട് കമ്പനി ടി പാലങ്ങളുടെ നിർമ്മാണം നിർത്തിവയ്ക്കുന്നതിനായി ടെർമിനേഷൻ നോട്ടീസ് നല്കിയിട്ടുള്ളതും പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി നിർത്തിവച്ചിട്ടുള്ളതും 1/2019 നമ്പരായി ആർബിട്രേഷൻ കേസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതാണ്. ടി ആർബിട്രേഷൻ കേസിൽ 17.10.2020 തീയതിയിൽ അവാർഡ് ആയിട്ടുള്ളതും, ടി അവാർഡിനെതിരെ ബഹു .പത്തനംതിട്ട ജില്ലാ |

| | | | |
|---|---|---|---|
| | | | കോടതിയിൽ അപ്പീൽ (OP(Arb) 38 / 2021) ഫയൽ ചെയ്തിട്ടുള്ളതാകുന്നു.<br><br>22.10.2020 -ൽ മുൻ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ ടി 5 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി എന്ന നിലയ്ക്ക് ഡിസൈൻ സ്ലാബിന്റെ ചേഞ്ച് സംബന്ധിച്ച സാങ്കേതികമായ പഠനം നടത്തി , റിപ്പോർട്ട് സമർപ്പിക്കുന്നതിനു തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് - നെ ചുമതലപ്പെടുത്തിയിരുന്നു. ടി റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>കൂടാതെ 16.11.2022-ലെ സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ ടി 9 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്ന വിഷയത്തിൽ ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ഇറിഗേഷൻ വകുപ്പ് എഞ്ചിനീയർ, PWD റോഡ്സ് & ബ്രിഡ്ജസ് എഞ്ചിനീയർ എന്നിവരെ കൂടി ഉൾപ്പെടുത്തി ഒരു യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കപ്പെടുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് ടി പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്ന വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ കൂടൽ, കലഞ്ഞൂർ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ കൂടൽ വില്ലേജ് ഓഫീസിന്റെ പഴയ കെട്ടിടം പൊളിയ്ക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് വഴി സ്വീകരിച്ചുവരുന്നതാണ്. ആയത് പൂർത്തിയായ ശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിയ്ക്കുന്നതാണ്. നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ കലഞ്ഞൂർ വില്ലേജ് ഓഫീസിന്റെ പുതിയ കെട്ടിടം പണിയുന്ന സൈറ്റിൽ നിന്നും 97.4 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യേണ്ടതായുണ്ട്. ആയതിന്റെ നടപടികൾ നടന്നു വരുന്നു. അതിനു ശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിയ്ക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Revenue Department - River Management Fund - Construction of nine bridges in various disricts- Administrative Sanction accorded- Orders issued.

**REVENUE (P) DEPARTMENT**

G.O (Rt) No. 6032/15/RD Dated, Thiruvananthapuram, 19..11..15

Read :
1 Minutes of the SHLC meeting held on 28.10.2014
2 GO(Rt) No. 1150/15/RD dated 04.03.2015
3 Lr no. INT/RD/609/2015/03A dated 13.07.2015 from the Chief Operating Officer, M/s. Integral Solutions, Kochi.
4 Minutes of the meeting convened on 18.08.2015 for deliberating over the construction of nine bridges in the State

**ORDER**

The State High Level Committee constituted to scrutinize the works to be implemented using River Management Fund , in its meeting held on 28.10.2014, decided to entrust M/s. Integral Solutions, Kochi, to conduct Alignment Survey and Soil Investigation on the feasibility study of the nine bridges to be constructed in Pathanamthitta, Kottayam, Kannur. Ernakulam, Kollam and Malappuram districts. As per the GO read as 2nd paper above, Government have accorded administrative sanction to entrust M/s. Integral Solutions, Kochi to conduct Alignment Survey and Soil Investigation on the feasibility study of the nine bridges. The firm has completed the study report and submitted it before Government as per the letter read as 3rd paper above. The study report is in favour of construction of 9 bridges and rough estimate of the construction of the bridges amounts to 32 crores.

In the meeting convened in this regard on 18..08..2015, it was decided to appoint Nirmithi Kendra, Pathanamthitta as the nodal agency for implementing the construction of nine bridges in various districts. The Nirmithi Kendras of the respective districts will conduct overall supervision of the construction work in those districts and it was also decided to waive the money ceiling imparted to Nirmithi Kendra for the

implementation of this project. The State High Level Committee meeting held on 28..09..2015 has accorded approval in principle for the construction of Nine Bridges worth Rs. 32 Crores as per survey conducted by M/s. Integral Solutions.

Government have examined the matter in detail and are pleased to accord administrative sanction for the construction of nine bridges said in G.O read as 2nd paper above in Pathanamthitta, Kottayam, Kannur, Ernakulam, Kollam and Malappuram districts for an approximate amount of Rs. 32,00,00,000/-(Rupees Thirty Two Crores only). The expenditure on this account will be met from the River Management Fund maintained by the respective District Collectors. The Nirmithi Kendra, Pathanamthitta shall be the nodal agency to implement the project and the Nirmithi Kendras of respective districts be the agencies for overall supervision of the construction work being carried out in those districts. Sanction is also accorded for waiving money ceiling imparted to Nirmithi Kendras for the implementation of this project only.

By Order of the Governor,

Dr VISHWAS MEHTA
Principal Secretary to Government

The Commissioner, Land Revenue, Thiruvananthapuram.
The District Collectors concerned
The Project Manager, Nirmithi Kendra concerned
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A & E), Kerala, Thiruvananthapuram
Finance Department
I& PRD(Web and New Media)/ Press Release
SF / O.C.

Forwarded/By Order

Section Officer

Copy to:- PS / Additional PS to Hon'ble Minister (Revenue)
P.A to Principal Secreary (Revenue)
CA to Additional Secretary

## 22.10.2020-ൽ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ നടപടിക്കുറിപ്പ്

യോഗം ഉച്ചയ്ക്ക് 11.15-ന് ആരംഭിച്ചു. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയും ലാന്റ് റവന്യൂ കമ്മീഷണറും സന്നിഹിതരായിരുന്നു. ബാക്കി എല്ലാ അംഗങ്ങളും വീഡിയോ കോൺഫറൻസിലൂടെ യോഗത്തിൽ പങ്കെടുത്തു. അജണ്ടയുടെ ആദ്യ ഇനമായ മുൻയോഗ മിനിറ്റ്സ് വിശദമായി ചർച്ച ചെയ്യുകയും യോഗം അംഗീകരിക്കുകയും ചെയ്തു. അജണ്ടയിലെ 2-ാം ഇനമായ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച 5 പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി. പാലങ്ങളുടെ തുടർനടപടിയുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ പ്രവർത്തനമെന്ന നിലയ്ക്ക് ഡിസൈൻ സ്ലാബിന്റെ ചേഞ്ച് സംബന്ധിച്ച് സാങ്കേതികമായ പഠനം നടത്തി 2 മാസത്തിനുള്ളിൽ വിശദമായ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തിനെ ചുമതലപ്പെടുത്തുന്നതിന് യോഗത്തിൽ തീരുമാനിക്കുകയും ഇതു സംബന്ധിച്ച ചർച്ചകളും മേൽനോട്ടവും നിർവ്വഹിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുന്നതിന് ധാരണയായി.

അജണ്ടയിലെ 3-ാമത്തെയും 8-ാമത്തെയും ഇനമായുൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ മലപ്പുറം ജില്ലകളിലെ നദീ തീര സംരക്ഷണ പ്രവർത്തികളെക്കുറിച്ച് വിദഗ്ധ സമിതി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഉചിതമായി തീരുമാനം എടുക്കാൻ തീരുമാനമായി.

അജണ്ടയിലെ 4-ാം ഇനമായ പാലക്കാട് ജില്ലയിലെ രണ്ട് നദീ തീര സംരക്ഷണ പ്രവർത്തികൾക്ക് അനുമതി നൽകുന്ന കാര്യത്തിലും വിദഗ്ധ സമിതിയുടെ സ്ഥലപരിശോധ കഴിഞ്ഞ് ഉചിതമായ തീരുമാനം എടുക്കാൻ ധാരണയായി.

5-ാം ഇനമായി ഉൾപ്പെടുത്തിയ ദേവികുളം സബ്കളക്ടർക്ക് ഒരു പുതിയ ഔദ്യോഗിക വാഹനം നൽകിയ തീരുമാനം കമ്മിറ്റി സാധൂകരിച്ചു.

6-ാം ഇനമായി ഉൾപ്പെടുത്തിയിരുന്ന പത്തനംതിട്ട ജില്ലയിൽ കോടതി വിധി പ്രകാരം നൽകുവാൻ ഉത്തരവായ 73,400/- രൂപ (എഴുപത്തി മൂവായിരത്തി നാനൂറ് രൂപ)പത്തനംതിട്ട ജില്ലയിൽ നിന്നും തുക അനുവദിക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഇടുക്കി ജില്ലയിൽ ലഭ്യമായ തുകയിൽ നിന്നും അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുവാൻ തീരുമാനിച്ചു.

7-ാം ഇനമായി ഉൾപ്പെടുത്തിയിരുന്ന പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചു കൊണ്ട് 4 ബൊലേറോ വാഹനം വാങ്ങാൻ അനുമതി നൽകണമെന്ന ആവശ്യം കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും ചർച്ചയ്ക്കൊടുവിൽ മണൽ കടത്ത് തടയുന്നതും മണൽ സംബന്ധമായ പരിശോധനകളും നടത്തുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്ന വ്യവസ്ഥയിൽ ബന്ധപ്പെട്ട തഹസീൽദാർമാർ ഉപയോഗിക്കണമെന്ന നിബന്ധനയോടെ അനുവദിക്കാൻ തീരുമാനിച്ചു.

9-ാം ഇനമായി ഉൾപ്പെടുത്തിയിരുന്ന കോഴിക്കോട് ജില്ലയിലെ 4 നദീതീര സംരക്ഷണ പ്രവൃത്തിയുടെ ഫീൽഡ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

അനുമതി നൽകുന്ന കാര്യത്തിൽ വിശദമായി സമിതിയുടെ പരിശോധന കഴിഞ്ഞ 3 പദ്ധതികൾക്ക് [ (ഇനം 1 - ഓമശ്ശേരി പഞ്ചായത്തിൽ നടമ്മൽ പറമ്പ് ഇരുതുള്ളിപ്പുഴയുടെ ഇടതുകര സംരക്ഷണം (17.75 ലക്ഷം രൂപ) , ഇനം 2 കുന്ദമംഗലം പഞ്ചായത്തിൽ പുളശ്ശേരികണ്ടി പറമ്പിൽ പാറക്കടവ് പാലത്തിന്റെ മേലെ ഭാഗത്തായി പൂനൂർ പുഴയുടെ ഇടതുകര സംരക്ഷണം (14.90 ലക്ഷം രൂപ) , ഇനം - 4- വാണിമേൽ പഞ്ചായത്തിലെ ഒന്നാം വാർഡിൽ മീത്തലെ പൈക്കോത്ത് എന്ന സ്ഥലത്തു മാഹി പുഴയുടെ വലതു കര സംരക്ഷണം ( 19.04 ലക്ഷം രൂപ)] അനുമതി നൽകുവാനും അവശേഷിക്കുന്ന ഒരു പദ്ധതിക്ക് - [ഇനം-3 കോഴിക്കോട് കോർപറേഷനിൽ മാളിക്കടവ് കിഴക്കെ മണ്ണോടി വള്ളുപറമ്പിൽ പൂനൂർപുഴയുടെ ഇടതുകര സംരക്ഷണം ( 09.00 ലക്ഷം രൂപ)]സ്ഥലപരിശോധനാ റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം എടുക്കാനും തീരുമാനമായി.

മീറ്റിംഗിനൊടുവിൽ മലപ്പുറം പാലക്കാട് ജില്ലകളിൽ നിന്നും മണൽ ഖനനത്തിന് അനുമതി ലഭിയ്ക്കുന്നതിനു വേണ്ടി പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനായി സമർപ്പിക്കേണ്ടതായ മൈനിംഗ് പ്ലാൻ ജില്ലാ ജിയോളജിസ്റ്റുകൾ അപ്രൂവ് ചെയ്തു തരുന്നില്ലായെന്നും ടി ജോലി KMMC റൂൾസ് 2015-ന്റെ പരിധിയിൽ വരാത്തതായതിനാൽ ജില്ലാ ജിയോളജിസ്റ്റുകൾ അംഗീകാരം നൽകുന്ന കാര്യം നിരസിക്കുന്നതായും അഭിപ്രായങ്ങളുണ്ട്. ഇക്കാര്യത്തിൽ ഈ വിഷയം റവന്യൂ വകുപ്പിൽ നിന്നും വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് എല്ലാ ജിയോളജിസ്റ്റുകൾക്കും പാരിസ്ഥിതികാനുമതിക്ക് വേണ്ട മൈനിംഗ് പ്ലാൻ അംഗീകരിച്ച് നൽകുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും ആവശ്യമായ ഉത്തരവ് നൽകുന്നതിനും നടപടി സ്വീകരിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

സംസ്ഥാന ഉന്നതതലസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെടുന്ന പദ്ധതികൾ മിക്കപ്പോഴും ജില്ലാ കളക്ടർ നേരിട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ആയതിനാൽ പലപ്പോഴും പല പദ്ധതികളിലും കൂടുതൽ പരിശോധന വേണ്ടി വരുന്ന സാഹചര്യം കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ ഭാവിയിൽ ജില്ലയിൽ നിന്നും സമർപ്പിക്കുന്ന എല്ലാ പ്രൊപ്പോസലുകളും ലാന്റ് റവന്യൂ കമ്മീഷണർ വഴി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനും ലാന്റ് റവന്യൂ കമ്മീഷണർ വിശദമായ പരിശോധന നടത്തി ഉചിതവും അനുയോജ്യമായതും മാത്രം സർക്കാരിലേയ്ക്ക് സംസ്ഥാന ഉന്നതതല സമിതിയുടെ പരിഗണനയ്ക്ക് വേണ്ടി സമർപ്പിക്കുന്നതിന് തീരുമാനമായി.

കഴിഞ്ഞ കാലങ്ങളിൽ അനുമതി നൽകിയിട്ട് ബന്ധപ്പെട്ട ജില്ലകളിൽ പ്രവർത്തനം പൂർത്തീകരിച്ചതും പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നതും ആരംഭിക്കാത്തതുമായ എല്ലാ വിധ പദ്ധതികളെക്കുറിച്ച് ലാന്റ് റവന്യൂ കമ്മീഷണർ അവലോകനം നടത്തി വിശദമായ നിർദ്ദേശങ്ങൾ സഹിതം റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കണമെന്ന് യോഗത്തിൽ തീരുമാനിച്ചു. അടുത്ത യോഗം ഡിസംബർ മാസത്തിൽ ചേരാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് അവസാനിച്ചു.

## 16.11.2022 തീയതിയിൽ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ യോഗ നടപടിക്കുറിപ്പ്

2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് പ്രകാരമുള്ള സംസ്ഥാന ഉന്നതതല സമിതിയുടെ യോഗം ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.11.2022-ൽ 3.00 p.m ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.

13.09.2022 തീയതിയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ യോഗതീരുമാനങ്ങളുടെ അവലോകന കുറിപ്പ്/നടപടി റിപ്പോർട്ട് യോഗത്തിൽ അംഗീകരിച്ചു. വിശദമായ ചർച്ചയ്ക്കൊടുവിൽ താഴെ പറയുന്ന തീരുമാനങ്ങൾ സമിതി കൈക്കൊണ്ടു.

1. വിവിധ ജില്ലകളുടെ RMF അക്കൗണ്ടിൽ നിന്നും ധനകാര്യ വകുപ്പ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പിൻവലിച്ച തുകയിൽ, ധനകാര്യ വകുപ്പ് തിരികെ നൽകുവാനുള്ള 100,92,50,512/-രൂപ (നൂറു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അൻപതിനായിരത്തി അഞ്ഞൂറ്റി പന്ത്രണ്ട് രൂപ മാത്രം) പ്രസ്തുത ജില്ലകളുടെ RMF അക്കൗണ്ടിൽ തിരികെ ലഭ്യമാക്കുന്നതിനായി , ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള റിപ്പോർട്ട് ഒരാഴ്ച്ചയ്ക്കകം ലഭ്യമാക്കേണ്ടതാണ്. [നടപടി - ജില്ലാ കളക്ടർമാർ , ലാൻഡ് റവന്യൂ കമ്മീഷണർ]

2. RMF-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ മാസം തോറുമുള്ള പുരോഗതി, പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, RMF-ൽ നിന്ന് തുക വിനിയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി ഒരു ഡാഷ് ബോർഡ്/വെബ് സൈറ്റ് തയ്യാറാക്കുന്നതിൻമേൽ നടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി. [ നടപടി - ലാൻഡ് റവന്യൂ കമ്മീഷണർ ]

3. 2019-ലെ പ്രളയത്തിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ ചാലിയാർ പുഴ ഗതി മാറി ഒഴുകിയതിനെ തുടർന്ന് സ്വകാര്യ വ്യക്തിയുടെ കൃഷിയിടത്തിൽ അടിഞ്ഞു കൂടിയ മണലും മാലിന്യങ്ങളും നീക്കം ചെയ്യുന്ന വിഷയത്തിൻമേൽ സംസ്ഥാന ഉന്നതതല സമിതി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ,

ജില്ലാ കളക്ടർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകി.
[ നടപടി - ലാൻഡ് റവന്യൂ കമ്മീഷണർ]

4. 13.09.2022-ലെ ലെ സംസ്ഥാനം ഉന്നത തല സമിതി യോഗ തീരുമാനപ്രകാരം RMF -ൽ ഉൾപ്പെടുത്തി അനധികൃത മണൽ സ്ക്വാഡ് പ്രവർത്തങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ജില്ലാ കളക്ടർ ടി റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ RMF -ൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളിൽ അടിയന്തര സ്വഭാവത്തിൽ തന്നെ മറുപടി ലഭ്യമാക്കണമെന്നു യോഗം തീരുമാനിക്കുകയും , ഇപ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കാതിരിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യപ്പെടുവാനും തീരുമാനിച്ചു.
[നടപടി - ആലപ്പുഴ ജില്ലാ കളക്ടർ]

5. RMF- ന്റെ ശാക്തീകരണത്തിനായി ILDM ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനർ ആയിട്ടുള്ളതും സംസ്ഥാന ഉന്നത സമിതി അംഗങ്ങളായ ഡോ.കെ സോമൻ, ശ്രീ. ആർ. അജയൻ , ഡോ.ബിജു ലോഞ്ചിനോസ് എന്നിവർ അംഗങ്ങൾ ആയിട്ടുമുള്ള സബ് കമ്മിറ്റി പരിശോധിച്ച്, റിപ്പോർട്ട് അടുത്ത സംസ്ഥാന ഉന്നത തല സമിതിയോഗത്തിനു മുൻപായി സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.
[നടപടി - ലാൻഡ് റവന്യൂ കമ്മീഷണർ]

6. നിയമസഭ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിനു കീഴിൽ സർവ്വേ സെൽ രൂപീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചു.
[ നടപടി - റവന്യൂ (പി) വകുപ്പ് ]

7. പാലക്കാട് ജില്ലയിലെ RMF അക്കൗണ്ടിൽ നിന്നും തുക വിനിയോഗിച്ച് നാല് ബൊലേറോ വാഹനങ്ങൾ വാങ്ങുന്നതിനു അധികമായി ആവശ്യം വരുന്ന 8,00,000/- (എട്ട് ലക്ഷം രൂപ മാത്രം) സംസ്ഥാന ഉന്നത തല സമിതിയുടെ സാധൂകരണത്തിന് വിധേയമായി 05.09.2022 - ലെ സ.ഉ.(സാധാ) നം.3739/2022/RD നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ഉത്തരവ് / നടപടി, യോഗം സാധൂകരിച്ചു.

8. തലശ്ശേരി സബ് കളക്ടറുടെ കാര്യാലയത്തിലെ മണൽ സ്ക്വാഡ് പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച് വരുന്ന KL-13T-5870 നമ്പർ ഔദ്യോഗിക വാഹനത്തിനു 2 പുതിയ ടയറുകൾ വാങ്ങുന്നതിനു കണ്ണൂർ ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും 17,400/-രൂപ (പതിനേഴായിരത്തി നാനൂറ് രൂപ മാത്രം) ചെലവഴിക്കുന്നതിനായുള്ള ഭരണാനുമതി നൽകുവാൻ തീരുമാനിച്ചു.

9. RMF-ൽ ഉൾപ്പെടുത്തി റവന്യൂ വകുപ്പിന് വാഹനങ്ങൾ വാങ്ങുന്ന വിഷയം അടുത്ത സംസ്ഥാന ഉന്നതതല സമിതിയുടെ യോഗത്തിൽ ചർച്ച ചെയ്യുന്നതിനായി മാറ്റി വച്ചു.

10. ഫ്ലഡ് ലെവൽ മാർക്കേഴ്സ് - നെ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടി പൊതു ജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം മാറ്റിയെടുക്കുന്നതിനായി ഡോ.കെ.സോമൻ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിക്കുന്നതിനായി ILDM-ൽ നിന്നുള്ള പ്രതിനിധിയെ കൂടെ ഉൾപ്പെടുത്തി, ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനർ ആയിട്ടുള്ള സബ് കമ്മിറ്റി പരിശോധിക്കുന്നതിനായി ചുമതലപ്പെടുത്തി. പരിശോധനയ്ക്ക് ശേഷം റിപ്പോർട്ട് അടുത്ത സംസ്ഥാന ഉന്നതതല സമിതി യോഗത്തിനു മുമ്പായി സമർപ്പിക്കുവാനും നിർദ്ദേശിച്ചു.
[ നടപടി - ലാൻഡ് റവന്യൂ കമ്മീഷണർ]

11. പട്ടാമ്പി താലൂക്കിലെ പട്ടാമ്പി വില്ലേജിൽ (നമ്പ്രം റോഡ് മുതൽ ഗുരുവായൂർ അമ്പലം വരെയുള്ള ഭാഗം) സർവ്വേ നമ്പർ 136 -ൽ ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുഴ (ഭാരതപ്പുഴ) പുറമ്പോക്കു സ്ഥലത്ത് സൗന്ദര്യവത്കരണം നടത്തുന്നതിന് ഇറിഗേഷൻ വകുപ്പിന് ചുവടെ ചേർത്ത പ്രകാരമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ NOC നൽകുവാൻ തീരുമാനിച്ചു.
[ നടപടി - റവന്യൂ(പി) വകുപ്പ്]

a. പുഴയ്ക്കനുയോജ്യമായ ആറ്റുവഞ്ചി, മുള തുടങ്ങിയവ ഉപയോഗിച്ച് ഗ്രീൻ ബെൽറ്റ് ഒരുക്കുമെന്നുള്ള നഗരസഭയുടെ ഉറപ്പ് പാലിക്കേണ്ടതാണ് .

b. പുഴയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുവാൻ പാടുള്ളതല്ല.

c.കരിങ്കൽ ഭിത്തി/ സംരക്ഷണ ഭിത്തിയിലും മറ്റും കോൺക്രീറ്റ് നിർമ്മാണ പ്രവൃത്തി പാടില്ലാത്തതാണ്.

d.നഗരസഭയുടെ ഈ പ്രോജക്റ്റ് പൂർത്തിയായിക്കഴിഞ്ഞാൽ അതിന്റെ പരിപാലനം നഗരസഭ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണമെന്ന വ്യവസ്ഥ നഗരസഭ അംഗീകരിക്കേണ്ടതാണ്.

e. ടീ ഷോപ്പ് , പാൻ ഷോപ്പ് തുടങ്ങി കെട്ടിയുയർത്തപ്പെടുന്ന ഒരു തരത്തിലുള്ള നിർമ്മിതിയും പാടില്ലാത്തതാണ്.

12. RMF-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതും എന്നാൽ പൂർത്തീകരിക്കാത്തതുമായ 9 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്ന വിഷയത്തിൽ, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ഇറിഗേഷൻ വകുപ്പ് എഞ്ചിനീയർ, PWD റോഡ്സ് & ബ്രിഡ്ജസ് എഞ്ചിനീയർ എന്നിവരെ കൂടെ ഉൾപ്പെടുത്തി ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല യോഗം ചേരുവാൻ തീരുമാനിച്ചു. കൂടാതെ ടി പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്ന വിഷയത്തിൻമേൽ ഐ.എൽ.ഡി.എം-ന്റെ റിമാർക്സ് കൂടി ആവശ്യപ്പെടുവാൻ നിർദ്ദേശിച്ചു.
[നടപടി - റവന്യൂ (പി) വകുപ്പ് , ഡയറക്ടർ ഐ എൽ ഡി എം]

13. പത്തനംതിട്ട ജില്ലയുടെ RMF അക്കൗണ്ടിന്റെ Attachment ലിഫ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി.
[ നടപടി - ലാൻഡ് റവന്യൂ കമ്മീഷണർ]

14. നദീതീര സംരക്ഷണ പ്രവൃത്തിയുടെ പ്രൊപ്പോസൽ സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് മുമ്പ് ഐ.എൽ.ഡി.എം-ന്റെ പരിശോധന നടത്തുന്നതിനായി പ്രവൃത്തി പരിചയമുള്ള ഒരു എഞ്ചിനീയറെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം അടുത്ത സംസ്ഥാന ഉന്നതതല സമിതിയുടെ യോഗത്തിൽ ചർച്ച ചെയ്യുന്നതിനായി മാറ്റി വെച്ചു.

15. M/s.Serms Infrastructure Ltd ഫയൽ ചെയ്ത 1/2019 നമ്പർ ആർബിട്രേഷൻ - കേസിലെ 17.10.2020-ലെ അവാർഡിനെതിരെ ഫയൽ ചെയ്ത OP(Arb) 38/21-ലെ IA.01/21-ലെ 25.02.2022-ലെ ഉത്തരവ് നടപ്പിലാക്കുന്നതിനായി 74,56,305/- രൂപ എഴുപത്തിനാല് ലക്ഷത്തി അമ്പത്തിയാറായിരത്തി മുന്നൂറ്റി അഞ്ച് രൂപ മാത്രം) ബഹു. പത്തനംതിട്ട ജില്ലാ കോടതിയുടെ CCD അക്കൗണ്ടിൽ കെട്ടിവെക്കുന്നതിന് പാലക്കാട് ജില്ലയുടെ

റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും 25.10.2022-ലെ GO(Rt) No.4309/2022/RD പ്രകാരം അനുവദിച്ച ഉത്തരവ്/നടപടി സാധൂകരിച്ചു.

16. ജലവിഭവ വകുപ്പിനു കീഴിൽ രൂപീകരിക്കുന്ന River Basin Conservation and Management Authority സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി അടുത്ത ആഴ്ച്ച ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽയോഗം ചേരുന്നതിന് തീരുമാനിച്ചു.
[ നടപടി - റവന്യൂ (പി) വകുപ്പ്]

അടുത്ത സംസ്ഥാന ഉന്നതതല സമിതിയുടെ യോഗം 2023 ജനുവരി മാസത്തിൽ ചേരുവാൻ തീരുമാനിച്ചു.

യോഗം 4.00 p.m-ന് അവസാനിച്ചു.

## **അനുബന്ധം**

## **യോഗത്തിൽ പങ്കെടുത്തവർ**

1. ഡോ. സജിത് ബാബു. , ഡയറക്ടർ, ഐ.എൽ.ഡി.എം, തിരുവനന്തപുരം.
2. ശ്രീ. അർജ്ജുൻ പാണ്ഡ്യൻ, ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം
3. അനു എസ് നായർ , അസിസ്റ്റന്റ് കമ്മീഷണർ (LA) ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം.
4. ശ്രീ.എം.കെ. സുൾഫിക്കർ, അഡീഷണൽ എസ്.പി
5. ശ്രീമതി. ശ്രീദേവി. പി, ചീഫ് എഞ്ചീനീയർ ഇൻ ചാർജ്ജ് , ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ.
6. ശ്രീമതി. ബിന്ദു. സി , ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.
7. ഡോ.കെ. സോമൻ, ഫോർമർ സയന്റിസ്റ്റ്, SHLC അംഗം.
8. ശ്രീ. ആർ. അജയൻ, എൻവിറോൺമെന്റലിസ്റ്റ്, SHLC അംഗം.